# കേരളസർവകലാശാല

നം.പി.ആർ.103/2021

## പത്രക്കുറിപ്പ്

## മാത്യു പെരേരയുടെ വിയോഗത്തിൽ കേരളസർവകലാശാല അനുശോചനം രേഖപ്പെടുത്തി

കേരളസർവകലാശാലയിലെ ഏറ്റവും പ്രായമേറിയ പെൻഷണർ ആയ മാത്യു പെരേര (106) യുടെ നിര്യാണത്തിൽ വൈസ് ചാൻസലർ പ്രൊഫ.(ഡോ.) വി.പി. മഹാദേവൻ പിള്ളയും പ്രൊ-വൈസ് ചാൻസലർ പ്രൊഫ.(ഡോ.) പി.പി.അജയകുമാറും അനുശോചനം രേഖപ്പെടുത്തി. 1937 ൽ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ തിരുവിതാംകൂറിൽ ആദ്യമായി ഒരു സർവകലാശാല സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ആഫീസറായി പ്രൊഫ. സി. വി. ചന്ദ്രശേഖറിനെ നിയമിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്റ്റെനോ ടൈപ്പിസ്റ്റായിരുന്നു മാത്യു പെരേര. അന്നത്തെ പാർട്ട്ടൈം വൈസ് ചാൻസലർ സർ.സി.പി.രാമസ്വാമി അയ്യരുടെ പേഴ്സണൽസ്റ്റാഫ് അംഗവുമായിരുന്നു. തിരുവിതാംകൂർ സർവകലാശാലയിലും പിന്നീട് 1956 ൽ കേരളസർവകലാശാലയിലും അദ്ദേഹം ജോലി ചെയ്തിരുന്നു. തുടർന്ന് സർവകലാശാലയുടെ ഒൻപത് വൈസ് ചാൻസലർമാരുടെ പേഴ്സണൽഅസിസ്റ്റന്റായും പ്രൈവറ്റ്സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു. ഈ കാലയളവിലെ പരീക്ഷ ചോദ്യപേപ്പറുകൾ അച്ചടിക്കുന്നതിനുള്ള ഉത്തരവാദിത്വവും ഭംഗിയായി നിർവഹിച്ചു. സർവകലാശാല സേവനത്തിൽ നിന്നും 1971 ജനുവരി 31 നു വിരമിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
16.05.2021

For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**